**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **12-06-2024 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ കർമ്മശേഷി പരിസ്ഥിതി സംരക്ഷണത്തിന് പ്രയോജനപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രകൃതി പ്രതിഭാസങ്ങൾ സാധാരണ ജനങ്ങൾക്ക് ഉണ്ടാകുന്ന പ്രതിസന്ധികളിൽ സഹായഹസ്തമാകുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (എ) | ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ടീം കേരള, അവളിടം യുവതി ക്ലബ്ബ്, യൂത്ത്/യുവാ ക്ലബ്ബുകൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സഹകരണത്തോടെ വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും സംഘടിപ്പിച്ചുവരുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുക എന്നതാണ് ഈ പ്രവർത്തനങ്ങൾകൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) | ഇത്തരം പ്രതിസന്ധികളിൽ സാധാരണ ജനങ്ങൾക്ക് കൈത്താങ്ങായി പ്രവർത്തിച്ച യുവജനങ്ങളുടെ ബൗദ്ധികശേഷിയും കായിക ശേഷിയും സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധസേവനരംഗത്ത് തൽപരരാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച സന്നദ്ധസേവന സേനയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്. ഈ സേനയെ ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുടെ സമയത്ത് അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള സേനയെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്ന് പോലെയുള്ള സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെയും യുവജനങ്ങളെ പങ്കാളികളാക്കുക എന്നതാണ് ഈ സേനയുടെ ലക്ഷ്യം. കൂടാതെ പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലും ടീം കേരള പ്രവർത്തിക്കുന്നു. പ്രളയകാലത്തും, കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇച്ഛാശക്തിയും, കർമ്മശേഷിയും, സാമൂഹിക ബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്തുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചു.<br><br>ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞു. ഇവരിൽ നിന്നും 1034 പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റന്മാരെ തിരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ദുരന്തനിവാരണ അതോറിറ്റി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഇതുകൂടാതെ, 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്ക് കൂടി മേൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ഓരോ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചും യൂത്ത് ബ്രിഗേഡുകളുടെ പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക സംരക്ഷണം ഒരു പ്രധാന പ്രവർത്തനമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധസേവനരംഗത്ത് തൽപരരാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച സന്നദ്ധസേവന സേനയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്. ഈ സേനയെ ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുടെ സമയത്ത് അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള സേനയെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്ന് പോലെയുള്ള സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെയും യുവജനങ്ങളെ പങ്കാളികളാക്കുക എന്നതാണ് ഈ സേനയുടെ ലക്ഷ്യം. കൂടാതെ പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലും ടീം കേരള പ്രവർത്തിക്കുന്നു. പ്രളയകാലത്തും, കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയും, കർമ്മശേഷിയും, സാമൂഹിക ബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്തുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചു. |

| | | | |
|---|---|---|---|
| | | | ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞു. ഇവരിൽ നിന്നും 1034 പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റന്മാരെ തിരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. പോലീസ്, ഫയർ & റസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ദുരന്തനിവാരണ അതോറിറ്റി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഇതുകൂടാതെ, 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്ക് കൂടി മേൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന കാലികമായ പ്രതിസന്ധികളെ ഗൗരവതരമായി നേരിടുന്നതിന് വനിതകളുടെ പ്രാതിനിധ്യവും കർമ്മശേഷിയും കൂടുതലായി വിനിയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | യുവജനങ്ങളുടെ ചിന്തയും കർമ്മശേഷിയും സമൂഹത്തിന് ഉപയോഗപ്പെടുത്തുക, യുവാക്കളെ സന്നദ്ധസേവനരംഗത്ത് തൽപരരാക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച സന്നദ്ധസേവന സേനയാണ് കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്. ഈ സേനയെ ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവയുടെ സമയത്ത് അവയെ നേരിടാൻ സജ്ജമായ യുവജന പങ്കാളിത്തത്തോടെയുള്ള സേനയെ തയ്യാറാക്കുക എന്നത് മാത്രമല്ല, മയക്കുമരുന്ന് പോലെയുള്ള സമൂഹത്തെ ബാധിക്കുന്ന അപകടകരമായ പ്രവണതകൾക്കെതിരെയും യുവജനങ്ങളെ പങ്കാളികളാക്കുക എന്നതാണ് ഈ സേനയുടെ ലക്ഷ്യം. കൂടാതെ പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിലും ടീം കേരള പ്രവർത്തിക്കുന്നു. പ്രളയകാലത്തും, കോവിഡ് കാലത്തും നടത്തിയ പ്രവർത്തനങ്ങളിൽ ഇച്ഛാശക്തിയും, കർമ്മശേഷിയും, സാമൂഹിക ബോധവുമുള്ള യുവജനങ്ങളുടെ സേവനം ഈ സേനയിലൂടെ പരമാവധി ഉപയോഗപ്പെടുത്തുവാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് സാധിച്ചു.<br><br>ടീം കേരളയുടെ പ്രവർത്തനം താഴെത്തട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17,500 സേനാംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞു. ഇവരിൽ നിന്നും 1034 പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ക്യാപ്റ്റന്മാരെ തിരഞ്ഞെടുക്കുകയും അവർക്ക് പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തു. പോലീസ്, ഫയർ & റസ്ക്യൂ, ഫോറസ്റ്റ്, എക്സൈസ്, ആരോഗ്യം, ദുരന്തനിവാരണ അതോറിറ്റി എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി. ഇതുകൂടാതെ, 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 2800 സേനാംഗങ്ങൾക്ക് കൂടി മേൽ പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ